കേരളസർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II ആയി നിയമനം ലഭിച്ച ശ്രീ.ഷറസ് അസീസ്-ന് പ്രീസർവ്വീസ് ട്രെയിനിംഗിന് ചേരുന്നതിനുള്ള പ്രവേശനകാലം വീണ്ടും ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ.1521 /2015/തസ്വഭവ, തിരുവനന്തപുരം,തീയതി, 22.05.2015**

---

പരാമർശം:- 1. സ.ഉ.(സാധാ)നം.572/2014/തസ്വഭവ, തീയതി 16.02.2014.
2. ശ്രീ.ഷറസ് അസീസ് 31.01.2015 തീയതിയിൽ സമർപ്പിച്ച അപേക്ഷ.
3. ഗ്രാമവികസന കമ്മീഷണറുടെ 07.03.2015 തീയതിയിലെ 13603/ജെ.ആർ.വൈ.3/2013/ സിആർഡി. നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II ആയി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശുപാർശ ലഭിച്ച ശ്രീ.ഷറസ് അസീസിന് പ്രീസർവ്വീസ് പരിശീലനത്തിന് ചേരുന്നതിന് 01.01.2015 വരെ പ്രവേശന കാലം ദീർഘിപ്പിച്ചു നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

ശ്രീ.ഷറസ് അസീസ് 01.01.2015-ൽ എറണാകുളം പ്രോജക്റ്റ് ഡയറക്ടർ മുമ്പാകെ റിപ്പോർട്ട് ചെയ്യുകയും അതനുസരിച്ച് എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ മണ്ണുത്തിയിൽ ആരംഭിച്ച പ്രീ സർവ്വീസ് പരിശീലന ബാച്ചിൽ ചേർന്ന് പരിശീലനം പൂർത്തീകരിക്കാൻ ഗ്രാമവികസന കമ്മീഷണർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ടിയാൻ ജോലി ചെയ്തിരുന്ന ഒമാനിലെ കമ്പനിയുമായുള്ള ബോണ്ട് കാലാവധി അവസാനിച്ചിട്ടുണ്ടെന്നും എന്നാൽ ടിയാനും കുടുംബവും ഒമാനിൽ താമസിച്ച് വന്നിരുന്ന ഫ്ലാറ്റിന്റെ എഗ്രിമെന്റ് കാലാവധി 30.04.2015 വരെയുള്ളതിനാൽ ടിയാന്റെ വക ജംഗമ വസ്തുക്കൾ ടി ഫ്ലാറ്റിലാണ് സൂക്ഷിച്ചിരിക്കുന്നതെന്നും, ഫ്ലാറ്റ്, ഉടമസ്ഥന് തിരികെ ഏൽപ്പിക്കാനും, ടിയാന്റെ വക ജംഗമ വസ്തുക്കൾ തിരിച്ച് കൊണ്ടു വരുന്നതിനും ജോലി ചെയ്ത കമ്പനിയിൽ നിന്ന് ലഭിക്കാനുള്ള മറ്റ് ആനുകൂല്യങ്ങൾ വാങ്ങുന്നതിനും ടിയാന് അടിയന്തിരമായി ഒമാനിലേക്ക് പോകേണ്ടതുണ്ടെന്നും ആയതിനാൽ ടിയാന്റെ എല്ലാ ഇടപാടുകളും പൂർത്തീകരിച്ച് എത്രയും വേഗം നാട്ടിൽ തിരിച്ചെത്തി പ്രീ-സർവ്വീസ് പരിശീലനത്തിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നുവെന്നും, ഒമാനിൽ പോയി എല്ലാ സംഗതികളും പൂർത്തിയാക്കി തിരിച്ച് വരുവാൻ 6 മാസ കാലാവധി ആവശ്യമായതിനാൽ പ്രീ

സർവ്വീസ് പരിശീലനത്തിന് ചേരുന്നതിനുള്ള പ്രവേശന കാലം 31.07.2015 വരെ ദീർഘിപ്പിച്ച് നൽകണമെന്നും ടിയാൻ പരാമർശം (2) പ്രകാരം അപേക്ഷിച്ചി രുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II, തസ്തികയിൽ നിയമനം ലഭിക്കുന്നതിന് ശ്രീ.ഷറസ് അസീസ്-നെ വികസന പരിശീലന കേന്ദ്രത്തിൽ 6 മാസക്കാലത്തെ പ്രീസർവ്വീസ് പരിശീലനത്തിന് ചേരുന്നതിന്, ഇത് ഒരു പ്രത്യക കേസായി പരിഗണിച്ച്, 31.07.2015 വരെ പ്രവേശന കാലം ദീർഘിപ്പിച്ചു നൽകി ഇതിനാൽ ഉത്തരവാകുന്നു.

01.08.2015-ൽ ടിയാൻ ജോയിൻ ചെയ്യുമ്പോൾ ടിയാന്റെ സീനിയോറിറ്റി KS&SSR Part II Rule 27 (c) യുടെ ഒന്നാം പ്രൊവിസോ പ്രകാരം കണക്കിലെടുക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഫിന്നി സഖറിയ
അഡീഷണൽ സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശ്രീ.ഷറസ് അസീസ്, ഷറസ് മൻസിൽ, വെങ്ങല്ലൂർ.പി.ഒ, തൊടുപുഴ
(ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രോജക്ട് ഡയറക്ടർ, പോവർട്ടി അലിവിയേഷൻ യൂണിറ്റ്, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ